സംസ്ഥാനത്തെ ലോക്കൽ പോലീസിൽ ഹെഡ് കോൺസ്റ്റബിൾ ടെസ്റ്റ് എന്ന് നടത്താനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്; എത്ര വർഷം സർവ്വീസ് ഉള്ളവരെയാണ് ഇതിൽ ഉൾപ്പെടുത്തുകയെന്ന് അറിയിക്കുമോ?

ഉത്തരം

20.06.99-ൽ ഹെഡ് കോൺസ്റ്റബ്ബിൾ ടെസ്റ്റ് നടത്തിക്കഴിഞ്ഞു. 31.3.99-ൽ ലോക്കൽ പോലീസിൽ 3 വർഷം പൂർത്തിയാക്കിയ കോൺസ്റ്റബിൾമാരെയാണ് ഹെഡ് കോൺസ്റ്റബിൾ ടെസ്റ്റ് എഴുതാൻ ഉൾപ്പെടുത്തിയിരുന്നത്.

42 (668) കൊടുങ്ങല്ലൂരിൽ ഡിവൈ.എസ്.പി. ഓഫീസ്

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ആസ്ഥാനമായി ഒരു പോലീസ് സബ് ഡിവിഷൻ ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിന്റെ മേൽ എടുത്ത നടപടി വിശദീകരിക്കുമോ;

(സി) ഈ ഓഫീസ് എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

43 (669) സർക്കിൾ ഇൻസ്പെക്ടർമാരുടെ മരണം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് എസ്.എം.എസ്സ് ലെ സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന നാരായണൻനായരുടെ മരണം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് എടുത്തത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി)&(സി) ഇത് സംബന്ധിച്ച പത്രവാർത്തയെപ്പറ്റി കാസർഗോഡ് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly